# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1031 **02.12.2015** ലെ മറുപടിക്ക്

## പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.അജിത്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഇതുവരെ സംസ്ഥാനത്ത് എത്ര ഗ്രാമങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് ജില്ലയും വർഷവും തിരിച്ച് വ്യക്തമാക്കുമോ; | (എ) | (പട്ടിക താഴെ) |
| (ബി) | പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് ഏതു രീതിയിലാണെന്നും ഇതിന് കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ; | (ബി) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് കോളനി നിവാസികളുമായി കൂടിയാലോചിച്ച് ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് തുക അനുവദിക്കുന്നത്. ടി പദ്ധതി പ്രകാരം ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ വീതമാണ് അനുവദിക്കുന്നത്. വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നാണ് പദ്ധതിക്കായി തുക കണ്ടെത്തുന്നത്. ടി പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

(എ)

| ജില്ല | 2012-13 | 2013-14 | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 13 | 15 | 28 |
| കൊല്ലം | 11 | 8 | 19 |
| പത്തനംതിട്ട | 5 | 6 | 11 |
| ആലപ്പുഴ | 8 | 3 | 11 |
| ഇടുക്കി | 3 | 5 | 8 |
| കോട്ടയം | 9 | 5 | 14 |
| എറണാകുളം | 10 | 16 | 26 |
| തൃശ്ശൂർ | 11 | 17 | 28 |
| പാലക്കാട് | 11 | 9 | 20 |
| മലപ്പുറം | 12 | 8 | 20 |
| കോഴിക്കോട് | 8 | 3 | 11 |
| കണ്ണൂർ | 5 | 2 | 7 |
| വയനാട് | 1 | 3 | 4 |
| കാസർഗോഡ് | 6 | 2 | 8 |
| ആകെ | 113 | 102 | 215 |

| | | | |
|---|---|---|---|
| (സി) | പദ്ധതി പൂർത്തീകരണത്തിന്റെ കാലാവധി സംബന്ധിച്ച വിശദാംശങ്ങളും ഇതുവരെ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ എസ്റ്റിമേറ്റ് സമർപ്പിച്ച് കരാർ ഒപ്പിട്ട് ആറു മാസത്തിനകം പണി പൂർത്തീകരിക്കണം എന്നായിരുന്നു നിർദ്ദേശം. പല കോളനികളിലും കോളനി നിവാസികളുടെ നിസ്സഹകരണം മൂലം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 19 കോളനികളിൽ വികസന പ്രവർത്തനങ്ങൾ ഇതു വരെ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ